DTV
DTV NEWS
സത്യം എപ്പോഴും നിങ്ങളോടൊപ്പം
2026
OCTOBER
08
Thursday
HO Hotel Mid Town,GT Road Panipat,Haryana,NewDelhi 132103, INDIA, MOB. 9544444009

# ഇന്ത്യ കരുത്താർജ്ജിക്കുന്നു-നരേന്ദ്രമോദി, കയറ്റുമതിയിൽ റെക്കോർഡ്

## ഭീകരർക്ക് തിരിച്ചടി,ജനങ്ങൾക്ക് നന്ദിയെന്ന് മോദി



ന്യൂഡൽഹി സർക്കാർ തലപ്പത്ത് തുടർച്ചയായ 25 വർഷത്തെ പൊതുസേവനം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പൂർത്തിയാക്കിയതിനോടനുബന്ധിച്ച് രാവിലെ സരോജിനി നഗറിലുള്ള ശ്രീ വിനായക ക്ഷേത്രത്തിൽ അദ്ദേഹം ദർശനം നടത്തി.പൂജകളിലും പങ്കുചേർന്നു. തുടർന്ന് ന്യൂദൽഹിയിൽ 'വികസിത് ഭാരത് സങ്കൽപ്പ് സഭ'യെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു. ദീർഘവീക്ഷണത്തോടെയുള്ള നയങ്ങളിലൂടെയും കഠിനാധ്വാനത്തിലൂടെയും 2047-ഓടെ വികസിത രാഷ്ട്രമെന്ന സ്വപ്നം ഇന്ത്യ തീർച്ചയായും സാക്ഷാത്കരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ഒരു കാലത്ത് നയപരമായ സ്തംഭനാവസ്ഥയുടെ പേരിൽ ചർച്ച ചെയ്യപ്പെട്ടിരുന്ന ഇന്ത്യ, ഇന്ന് വർദ്ധിച്ചുവരുന്ന കരുത്തിന്റെയും അതിജീവനശേഷിയുടെയും പേരിൽ ശ്രദ്ധേയമായിക്കൊണ്ടിരിക്കുകയാണെന്ന് മോദി പറഞ്ഞു. കഴിഞ്ഞ 12 വർഷത്തിനിടയിൽ സാഹചര്യം പൂർണമായും മാറിയെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. മുൻകാലങ്ങളിൽ ഇറക്കുമതി വർദ്ധിപ്പിക്കാനായിരുന്നു ശ്രമങ്ങൾ നടന്നിരുന്നതെങ്കിൽ, ഇന്ന് ഇന്ത്യ കയറ്റുമതിയിൽ പുതിയ റെക്കോർഡുകൾ സൃഷ്ടിക്കുകയാണെന്ന് മോദി പറഞ്ഞു. ആവശ്യമായ മൊബൈൽ ഫോണുകൾ മുൻപ് ഇന്ത്യ ഇറക്കുമതി ചെയ്യുകയായിരുന്നുവെങ്കിൽ, ഇന്ന് 'മെയ്ഡ് ഇൻ ഇന്ത്യ' മൊബൈൽ ഫോണുകൾ ആഗോള വിപണിയിൽ ശക്തമായ സാന്നിധ്യം ഉറപ്പിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി എടുത്തുപറഞ്ഞു. ഇന്ത്യയുടെ പരിവർത്തനത്തിന്റെ മറ്റൊരു പ്രധാന ഉദാഹരണമായി അദ്ദേഹം കൃഷിമേഖലയെ ചൂണ്ടിക്കാട്ടി. സ്വാതന്ത്ര്യലബ്ധിക്ക് ശേഷമുള്ള ഏറ്റവും ഉയർന്നതും സുസ്ഥിരവുമായ കാർഷിക വളർച്ചയ്ക്ക് 2015 മുതൽ 2025 വരെയുള്ള ദശകം സാക്ഷ്യം വഹിച്ചു. മുൻകാല റെക്കോർഡുകളെല്ലാം ഇത് മറികടന്നുവെന്നും അദ്ദേഹം പറഞ്ഞു. വ്യക്തമായ ഉദ്ദേശ്യശുദ്ധിയും കൃത്യമായി ആസൂത്രണം ചെയ്ത നയങ്ങളും ഉണ്ടാകുമ്പോൾ ഇത്തരം പരിവർത്തനങ്ങൾ സാധ്യമാകുമെന്ന് മോദി പറഞ്ഞു. രാജ്യം ഇന്ന് തങ്ങളുടെ വെല്ലുവിളികൾക്ക് ശാശ്വത പരിഹാരങ്ങൾ കണ്ടെത്തുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ജമ്മു കശ്മീരിലെ അനുച്ഛേദം 370-മായി ബന്ധപ്പെട്ട വിഷയം ഒരുകാലത്ത് പരിഹരിക്കാനാകാത്ത ഒന്നായി തോന്നിയിരുന്നുവെങ്കിലും,ആ തടസം പൂർണമായും നീക്കം ചെയ്യപ്പെട്ടുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. നക്സലിസം രാജ്യത്തിന് ഒരു ശാപമായി കണക്കാക്കപ്പെട്ടിരുന്നെങ്കിലും, ഇപ്പോൾ അതിന്റെ നട്ടെല്ല് തകർക്കപ്പെട്ടുവെന്ന് മോദി നിരീക്ഷിച്ചു. ഭീകരവാദം ഇന്ത്യയുടെ ഭാവിയെ സംബന്ധിച്ചിടത്തോളം വലിയൊരു വെല്ലുവിളിയായിരുന്നുവെന്നും, ഭീകരരോ അവരുടെ സൂത്രധാരന്മാരോ ഒരിക്കലും പിന്മാറില്ലെന്ന് ജനങ്ങൾക്ക് തോന്നിത്തുടങ്ങിയിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ ഇന്ന്, അവരുടെ ശക്തികേന്ദ്രങ്ങളിൽ തന്നെ കടന്നുകയറി ഇന്ത്യ അവർക്കെതിരെ ശക്തമായ തിരിച്ചടി നൽകുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.



# പാളിച്ചകൾ സമ്മതിച്ച് CPM, സംഘടനാ ദൗർബല്യം പരിഹരിക്കാൻ ക്ലാസുകൾ

**ജില്ലയിൽ സി.പി.എമ്മിനെ പിടിച്ചുലച്ച പി.എസ്.സി. കോഴവിവാദത്തെത്തുടർന്ന് ജില്ലാകമ്മിറ്റിയിൽനിന്ന് ഒഴിവാക്കിയ ഇ. പ്രേംകുമാറിനെ ജില്ലാകമ്മിറ്റിയിൽ ക്ഷണിതാവാക്കിയതിൽ സി.പി.എമ്മിൽ പ്രതിഷേധം**



കോഴിക്കോട്: സി.പി.എമ്മിന് ജില്ലയിൽ സംഘടനാദൗർബല്യമുണ്ടായെന്ന് സമ്മതിച്ച് ജില്ലാനേതൃത്വം. അത് പരിഹരിക്കാനുള്ള നടപടികളാണ് രണ്ടുദിവസമായി നടന്ന വിപുലീകൃത ജില്ലാകമ്മിറ്റിയിൽ ചർച്ചചെയ്തതെന്ന് നേതാക്കൾ പത്രസമ്മേളനത്തിൽ പറഞ്ഞു. താഴെത്തട്ടിൽ ജനങ്ങൾക്കിടയിൽ കൂടുതൽ ഇടപെടാനുള്ള മൈക്രോപ്ലാനുകൾ നടപ്പാക്കും. പാർട്ടിയുടെ ശാസ്ത്രീയവും പ്രത്യയശാസ്ത്രപരവുമായ ദൗർബല്യങ്ങൾ പരിഹരിക്കാനാവശ്യമായ നിർദേശങ്ങളാണ് കമ്മിറ്റിയിൽ ഉയർന്നുവന്നത്. പാർട്ടി അംഗങ്ങളുടെ സംഘടനാബോധവും പ്രത്യയശാസ്ത്രനിലവാരവും ഉയർത്താനാവശ്യമായ വിദ്യാഭ്യാസപരിപാടികൾക്ക് രൂപംനൽകി. ജില്ലാകമ്മിറ്റി മുതൽ ബ്രാഞ്ച് തലംവരെ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തും. നവംബർ-ഡിസംബർ മാസങ്ങളിലായി ജില്ലയിലെ പാർട്ടി അംഗങ്ങൾ ഉൾപ്പെടെയുള്ളവർക്ക് ക്ലാസുകൾ നൽകും.

വിദ്യാർഥികൾ, യുവജനങ്ങൾ, മഹിളകൾ, പ്രൊഫഷണലുകൾ, കലാ സാംസ്കാരിക പ്രവർത്തകർ തുടങ്ങിയ വിഭാഗങ്ങളെ പാർട്ടിയോട് അടുപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കും. പുതുതലമുറ തൊഴിൽമേഖലയിൽ ട്രേഡ് യൂണിയനുകളുണ്ടാക്കും. കർഷകസംഘത്തിന്റെ പ്രവർത്തനം സജീവമാക്കും.

കോഴിക്കോട്ടെ തിരഞ്ഞെടുപ്പ് തിരിച്ചടിക്കുമാത്രമായി പ്രത്യേക കാരണമില്ലെന്ന് നേതാക്കൾ പത്രസമ്മേളനത്തിൽ പറഞ്ഞു. സംസ്ഥാനത്തെ മൊത്തത്തിലുണ്ടായ യു.ഡി.എഫ്. തരംഗം കോഴിക്കോട്ടും ബാധിച്ചു. ജമാഅത്തെ ഇസ്ലാമിയുൾപ്പെടെ എല്ലാവരും ഒരുമിച്ച് സി.പി.എമ്മിനെതിരേ നിന്നപ്പോൾ പാർട്ടിയുമായി ചേർന്നിരുന്ന ന്യൂനപക്ഷവിഭാഗങ്ങൾ ഉൾപ്പെടെ തെറ്റിദ്ധരിക്കപ്പെട്ടു. അവർ പാർട്ടിക്കെതിരായി വോട്ടുചെയ്തു. ഇതിലും മോശമായ തിരിച്ചടികൾ മുൻപുമുണ്ടായിട്ടുണ്ട്. പക്ഷേ, പരാജയത്തിൽനിന്ന് പാഠമുൾക്കൊള്ളും. സംസ്ഥാന കമ്മിറ്റിക്കുവേണ്ടി പി.ബി. അംഗം പിണറായി വിജയനും ജില്ലാ സെക്രട്ടേറിയറ്റിന് വേണ്ടി ജില്ലാ സെക്രട്ടറി എം. മെഹബൂബും അവതരിപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ചർച്ചനടന്നത്. അഞ്ചുമണിക്കൂർ 18 മിനിറ്റ് നീണ്ടുനിന്ന ചർച്ചയിൽ 35 പേർ പങ്കെടുത്തു. കോഴിക്കോട്ട് എയിംസ് സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് സി.പി.എം. പ്രക്ഷോഭത്തിനിറങ്ങുമെന്ന് ജില്ലാ സെക്രട്ടറി എം. മെഹബൂബ് പറഞ്ഞു. ഇ.എസ്.ഐ. വിജ്ഞാപനവുമായി ബന്ധപ്പെട്ട് പ്രക്ഷോഭങ്ങളുമായി മുന്നോട്ടുപോവുമെന്നും അദ്ദേഹം പറഞ്ഞു. ഒരു പത്രത്തിൽ വന്ന വാർത്തയുമായി ബന്ധപ്പെട്ട് മറുപടിപറയവേ എം. മെഹബൂബ് മാധ്യമപ്രവർത്തകരെ മാനേജ്മെന്റിന്റെ വാലാട്ടികളെന്ന് വിളിച്ചെങ്കിലും എ. പ്രദീപ്കുമാറും പി. മോഹനനും വി. വസീഫും ഉൾപ്പെടെയുള്ളവർ ഇടപെട്ട് അത് തിരുത്തി.

# എയിംസ് കേന്ദ്രം അനുകൂല തീരുമാനമെടുക്കണമെന്ന് ഹൈക്കോടതി

കൊച്ചി: കേരളത്തിൽ എയിംസ് അനുവദിക്കുന്നതിൽ കേന്ദ്രസർക്കാർ അനുകൂല തീരുമാനമെടുക്കണമെന്ന് ഹൈക്കോടതി. ആറാഴ്ചയ്ക്കുള്ളിൽ നിലപാട് അറിയിക്കാൻ ചീഫ് ജസ്റ്റിസ് സൗമെൻ സെൻ ജസ്റ്റിസ് വി.എം. ശ്യാംകുമാർ എന്നിവരടങ്ങിയ ബെഞ്ച് നിർദേശിച്ചു. ആരോഗ്യരംഗത്ത് കേരളം കൈവരിച്ച മികച്ചനേട്ടം എങ്ങനെയാണ് എയിംസ് അനുവദിക്കുന്നതിന് തടസ്സമായി മാറുന്നതെന്ന് ഹൈക്കോടതി ആരാഞ്ഞു. കേരളത്തിന്റെ ഈ മികവ് കാരണമാണ് എയിംസിന് ആദ്യ പരിഗണന ലഭിക്കാത്തതെന്ന കേന്ദ്രസർക്കാർ നിലപാടിനെയാണ് ഹൈക്കോടതി ചോദ്യംചെയ്തത്.

എയിംസിനായി കോഴിക്കോട് കിനാലൂരിൽ 200 ഏക്കർ കണ്ടെത്തിയത് കോടതി ചൂണ്ടിക്കാട്ടി. ഡൽഹിയിൽ എങ്ങനെയാണ് എയിംസ് അനുവദിച്ചത്? അവിടെ എല്ലാവരും സ്വാധീനമുള്ളവരാണ്. എത്രപേർക്ക് സ്വകാര്യമേഖലയിലെ വലിയ ആശുപത്രികളിൽ പോകാൻ കഴിയും. വിഷയം നാലുവർഷമായി കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം കാത്തിരിക്കുകയല്ലേ- കോടതി ചോദിച്ചു.

മികച്ച നേട്ടം തടസ്സമല്ലെന്നും മുൻഗണന നിർണയിക്കുമ്പോൾ അക്കാര്യം പരിഗണിക്കുന്നു എന്നേയുള്ളൂവെന്നുമായിരുന്നു കേന്ദ്രത്തിനായി ഹാജരായ ഡെപ്യൂട്ടി സോളിസിറ്റർ ജനറൽ ഒ.എം. ശാലീനയുടെ വിശദീകരണം. എല്ലാ സംസ്ഥാനത്തും എയിംസ് എന്നതാണ് കേന്ദ്രനിലപാട്. കേരളത്തിൽ എയിംസ് അനുവദിക്കുന്ന കാര്യത്തിൽ കേന്ദ്ര മന്ത്രിസഭ ഇതുവരെ തത്ത്വത്തിൽ തീരുമാനമെടുത്തിട്ടില്ലെന്നും അറിയിച്ചു. കേന്ദ്രനിലപാട് അറിയിക്കാൻ സമയം വേണമെന്നും ആവശ്യപ്പെട്ടു.

പരിഗണിക്കുന്ന സ്ഥലപ്പട്ടികയിൽ കാസർകോടിനെയും ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് എയിംസ് കാസർകോട് ജനകീയ കൂട്ടായ്മ നൽകിയ ഹർജിയാണ് പരിഗണിച്ചത്. ഇത്

### ചിറ്റമ്മ നയം -ജസ്റ്റിസ് കെമാൽ പാഷ

ആരോഗ്യമേഖലയിൽ മികച്ചനേട്ടം കൈവരിച്ചതിന്റെ പേരിൽ എയിംസ് അനുവദിക്കാതിരിക്കുന്നത് കേരളത്തോടുള്ള ചിറ്റമ്മ നയമാണെന്ന് റിട്ട. ജഡ്ജ് ജസ്റ്റിസ് കെമാൽ പാഷ. മികവ് കൈവരിച്ചിട്ടുണ്ടെങ്കിൽ അഭിനന്ദിക്കുന്നതിനു പകരം തിരിച്ചടിക്കാനായി ഉപയോഗിക്കുന്നത് സാമാന്യ ബുദ്ധിക്കോ യുക്തിക്കോ നിരക്കുന്നതല്ല. വിദ്യാഭ്യാസത്തിലും ആരോഗ്യമേഖലയിലും മികച്ചനേട്ടം കൈവരിച്ചതിന്റെ പേരിൽ ഐ.ഐ.ടി.യോ എയിംസോ ഒന്നും വേണ്ടെന്ന് പറയുന്നതു ശരിയല്ല.

ഇവിടെ ബി.ജെ.പി.ക്ക് ഭരണമില്ലെന്ന ഒറ്റക്കാര്യംകൊണ്ടാണ് ഇതൊന്നും കൊടുക്കാത്തത്. ഭരണത്തിൽ വരണമെങ്കിൽ തിരഞ്ഞെടുപ്പ് കമ്മിഷൻ സഹായിക്കണം. കുറേ വർഷങ്ങളായി കേരളത്തെ കബളിപ്പിക്കുകയാണ്. ഇവിടുന്ന് ജയിച്ചുപോയ കേന്ദ്രമന്ത്രി ഉടൻ എയിംസ് കൊണ്ടുവരുമെന്നൊക്കെ പറഞ്ഞതാണ്.'- ജസ്റ്റിസ് കെമാൽ പാഷ പറഞ്ഞു.

# പോലീസുകാരിയെ തള്ളിമാറ്റാൻ ശ്രമിച്ചെന്ന് ആരോപണം; രാഹുൽ ഗാന്ധിക്കെതിരേ ബി.ജെ.പി

**ഒരു റീൽ സൃഷ്ടിക്കാനുള്ള താത്പര്യത്തിൽ രാഹുൽഗാന്ധി ഒരു വനിതാ പോലീസ് ഉദ്യോഗസ്ഥയെ തള്ളിമാറ്റാൻ ശ്രമിച്ചതായി വീഡിയോ ക്ലിപ്പ് സഹിതം എക്സിലെ കുറിപ്പിൽ പ്രദീപ് ഭണ്ഡാരി ആരോപിച്ചു**



ന്യൂഡൽഹി: ഇന്ത്യാസഖ്യം ബുധനാഴ്ച നടത്തിയ പ്രതിഷേധത്തിൽ പ്രതിപക്ഷനേതാവ് രാഹുൽഗാന്ധിക്കെതിരേ വിമർശനവുമായി ബി.ജെ.പി. ഒരു വനിതാ പ്രക്ഷോഭകയെ നീക്കാൻശ്രമിച്ച വനിതാപോലീസ് ഉദ്യോഗസ്ഥയെ രാഹുൽഗാന്ധി തള്ളിമാറ്റാൻ ശ്രമിച്ചെന്ന് ബി.ജെ.പി. ദേശീയ വക്താവ് പ്രദീപ് ഭണ്ഡാരി ആരോപിച്ചു.

ഒരു റീൽ സൃഷ്ടിക്കാനുള്ള താത്പര്യത്തിൽ രാഹുൽഗാന്ധി ഒരു വനിതാ പോലീസ് ഉദ്യോഗസ്ഥയെ തള്ളിമാറ്റാൻ ശ്രമിച്ചതായി വീഡിയോ ക്ലിപ്പ് സഹിതം എക്സിലെ കുറിപ്പിൽ പ്രദീപ് ഭണ്ഡാരി ആരോപിച്ചു. മുഖ്യ തിരഞ്ഞെടുപ്പ് കമ്മിഷണർ ഗ്യാനേഷ് കുമാറിനെ നീക്കണമെന്നാവശ്യപ്പെട്ട് ഇന്ത്യ സഖ്യ എം.പിമാരും നേതാക്കളും അശോകറോഡിൽ കുത്തിയിരുന്ന് വൻ പ്രതിഷേധം നടത്തിയിരുന്നു. ഇതിനിടെ ഉണ്ടായ സംഘർഷവുമായി ബന്ധപ്പെട്ടാണ് ബി.ജെ.പി. ആരോപണവുമായി രംഗത്തുവന്നത്.

# മതിയായ രേഖകളില്ല, മൂന്നു മാസമായി കോവളത്തെ ഹോംസ്റ്റേയിൽ താമസം; റഷ്യൻ വനിത പിടിയിൽ




കോവളം: മതിയായ രേഖകളില്ലാതെ കോവളത്തെ ഹോംസ്റ്റേയിൽ താമസിച്ചിരുന്ന റഷ്യൻ വനിതയെ കോവളം പോലീസ് കസ്റ്റഡിയിലെടുത്തു. അന്നാ അൽക്സീവ(44) യെ ആണ് കോവളത്തെ ഹോംസ്റ്റേയിൽ കോവളം എസ്.എച്ച്.ഒയുടെ നേതൃത്വത്തിലുള്ള പോലീസ് സംഘം കസ്റ്റഡിയിലെടുത്തത്.

കഴിഞ്ഞ മൂന്നു മാസമായി കോവളത്തെ ഹുസൈൻ എന്നയാളുടെ ഹോംസ്റ്റേയിൽ താമസിച്ചുവരികയാണ്. കോവളത്ത് താമസിക്കുന്ന വിദേശികളെക്കുറിച്ച് ബന്ധപ്പെട്ട ഹോട്ടൽ ഉടമകളോ ഹോംസ്റ്റേ നടത്തുന്നവരോ പോലീസ് സ്റ്റേഷനിൽ വിവരം നൽകുന്നതിൽ താമസം വരുത്തിയിരുന്നു. ഇത് സംബന്ധിച്ച് കോവളം പോലീസ് നടത്തിയ പരിശോധനയിലാണ് റഷ്യൻ വനിതയും പിടിയിലാകുന്നത്.

ഹോംസ്റ്റേയിൽ ഇവർ 2019-ൽ വന്നുപോയിരുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്. തുടർന്ന് ഗോവയിൽ തങ്ങിയ ഇവർ അവിടെയുള്ള പീറ്റർ എന്നയാളെ വിവാഹം കഴിച്ചിരുന്നുവെന്നും പറയുന്നു. ഇവരുടെ പക്കൽ പാസ്പോർട്ട്, വിസ അടക്കമുള്ള രേഖകൾ ഇല്ലാതെയാണ് കഴിഞ്ഞ മൂന്നു മാസമായി കോവളത്ത് തങ്ങിയതെന്നും കണ്ടെത്തിയിട്ടുണ്ട്.

അതേസമയം, ഉസ്ബെക്കിസ്ഥാനിൽനിന്ന് റഷ്യയിലേക്ക് കുടിയേറിയതാണെന്നും സ്ഥിരീകരിക്കാത്ത വിവരമുണ്ട്. പോലീസിന് വിവരം നൽകാത്തതിനെ തുടർന്ന് ഇവരെ താമസിപ്പിച്ചിരുന്ന ഹോം സ്റ്റേ നടത്തിപ്പുകാരൻ ഹുസൈനെതിരെ കോവളം പോലീസ് കേസെടുക്കും. റഷ്യൻ വനിതയെ എഫ്.ആർ.ആർ. ഓഫീസിലും എത്തിച്ചിരുന്നു. ഇവരെക്കുറിച്ച് കൂടുതൽ വിവരങ്ങൾ തേടിവരുകയാണെന്ന് കോവളം എസ്.എച്ച്.ഒ. ഷീന അറിയിച്ചു.

# മാധ്യമ പ്രവർത്തനം: 25 വർഷം പിന്നിട്ട അബൂബക്കർ ബാലരാമപുരത്തിന് ആദരവ്



**ഒക്ടോബർ 11 വൈകുന്നേരം 5.30 ന് തൈക്കാട് ഭാരത് ഭവൻ മണ്ണരങ്ങിൽ നടക്കുന്ന ചടങ്ങിൽ ചലച്ചിത്ര സംഗീത സംവിധായകൻ ദർശൻ രാമൻ ഉപഹാരം സമർപ്പിക്കുമെന്ന് സമിതി ജനറൽ സെക്രട്ടറി തെക്കൻ സ്റ്റാർ ബാദുഷ അറിയിച്ചു**

തിരു: മാധ്യമ പ്രവർത്തന രംഗത്ത് സത്യസന്ധമായ റിപ്പോർട്ടിംഗിലൂടെ 25 വർഷം പിന്നിട്ട ചന്ദ്രിക പത്രത്തിന്റെ റിപ്പോർട്ടർ അബൂബക്കർ ബാലരാമപുരത്തിനെ പ്രേംനസീർ സുഹൃത് സമിതി സ്നേഹാദരവ് നൽകി ആദരിക്കുന്നു. ഒക്ടോബർ 11 വൈകുന്നേരം 5.30 ന് തൈക്കാട് ഭാരത് ഭവൻ മണ്ണരങ്ങിൽ നടക്കുന്ന ചടങ്ങിൽ ചലച്ചിത്ര സംഗീത സംവിധായകൻ ദർശൻ രാമൻ ഉപഹാരം സമർപ്പിക്കുമെന്ന് സമിതി ജനറൽ സെക്രട്ടറി തെക്കൻ സ്റ്റാർ ബാദുഷ അറിയിച്ചു. പ്രാദേശിക മാധ്യമ പ്രവർത്തകരുടെ ട്രേഡ് യൂണിയനായ ഫെഡറേഷൻ ഓഫ് വർക്കിംഗ് ജേണലിസ്റ്റ്സ് കേരളയുടെ സംസ്ഥന സെക്രട്ടറി കൂടെയാണ് അബൂബക്കർ. ധനുഷ്ക്കോടിയിലേക്ക് ചിത്രം സംവിധാനം ചെയ്ത ജഹാംഗീർ ഉമ്മർ , അതിലെ താരങ്ങളായ ആദർശ് ഷാനവാസ്, ഗൗരീ കൃഷ്ണ ,വാർത്താ പ്രചരണം നടത്തിയ റഅജയ് തുണ്ടത്തിൽ എന്നിവരെയും അവതാരകൻ എം.എച്ച്. സുലൈമാനെയും ചടങ്ങിൽ ആദരിക്കും. പ്രസിഡണ്ട് പനച്ചമൂട് ഷാജഹാൻ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ സാഹിത്യകാരി സ്വപ്ന കെ.സുധാകരൻ,ഡോ.ഗീതാ ഷാനവാസ്, ഗായകരായ അലോഷ്യസ് പെരേര, അജയ് വെള്ളരിപ്പണ എന്നിവർ സംബന്ധിക്കും. പ്രേംസിംഗേഴ്സ് - യശോദ ശബ്ദ തരംഗം ഒരുക്കുന്ന വസന്തം വരവായ് പ്രതിമാസ ഗാനസന്ധ്യ 6 മണി മുതൽ ഉണ്ടാകും.

# ‘തിറ’യുടെ ക്യാരക്ടർ ലുക്ക് പോസ്റ്റർ പ്രകാശനം

ശ്രീ കലാക്ഷേത്രയുടെ ബാനറിൽ ഒരുങ്ങുന്ന മലയാളം ഷോർട്ട് ഫിലിം *‘തിറ’*യുടെ ക്യാരക്ടർ ലുക്ക് പോസ്റ്റർ പ്രകാശനം ചെയ്തു. ഹിസ് ഹൈനെസ് പ്രിൻസ് ആദിത്യ വർമ്മയാണ് പോസ്റ്റർ പ്രകാശനം ചെയ്തത്.ചടങ്ങിൽ ‘തിറ’യുടെ സംവിധായകനും തിരക്കഥാകൃത്തുമായ വി. എം. നൗഷാദ് ചാച്ച, നടനും നിർമ്മാതാവും കഥാകൃത്തുമായ ശ്രീജിത്ത് മാരിയിൽ, പി.ആർ.ഒ. അജയ് തുണ്ടത്തിൽ എന്നിവർ സന്നിഹിതരായിരുന്നു. സ്നേഹം, വിശ്വാസം, ആചാരം, സംഘർഷം, ഹിംസ എന്നിവയുടെ പശ്ചാത്തലത്തിൽ കഥ പറയുന്ന ചിത്രമാണ് ‘തിറ’. ചിത്രത്തിന്റെ കഥ, പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കൽ, നിർമ്മാണം എന്നിവ ശ്രീജിത്ത് മാരിയിൽ നിർവഹിക്കുന്നു. സംവിധായകനും തിരക്കഥാകൃത്തുമായ വി. എം. നൗഷാദ് ചാച്ചയുടെ നേതൃത്വത്തിലാണ് ചിത്രം ഒരുങ്ങുന്നത്.കൂടെ ശ്രീജിത്ത് മാരിയലിന് വെള്ളിനാണയം സമ്മാനിച്ചു.
ക്യാരക്ടർ ലുക്ക് പോസ്റ്റർ പുറത്തിറങ്ങിയതോടെ ‘തിറ’യുടെ റിലീസിനായുള്ള കാത്തിരിപ്പിലാണ് പ്രേക്ഷകർ.




ശ്രീ കലാക്ഷേത്രയുടെ ബാനറിൽ ഒരുങ്ങുന്ന മലയാളം ഷോർട്ട് ഫിലിം *‘തിറ’*യുടെ ക്യാരക്ടർ ലുക്ക് പോസ്റ്റർ പ്രകാശനം ചെയ്തു. ഹിസ് ഹൈനെസ് പ്രിൻസ് ആദിത്യ വർമ്മയാണ് പോസ്റ്റർ പ്രകാശനം ചെയ്തത്.



കേരള ക്ഷേത്ര വാദ്യകലാ അക്കാദമിയുടെ തിരുവനന്തപുരം ജില്ലാ സമ്മേളനം പോത്തൻകോട് നന്നാട്ടുകാവ് ശ്രീ മഹാദേവക്ഷേത്രത്തിൽ വച്ച് നടക്കുകയുണ്ടായി. ജില്ലാ പ്രസിഡന്റ് ചിറയിൻകീഴ് ഗിരീഷ് അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറിവാദ്യ കരിക്കകം ത്രിവിക്രമൻ സ്വാഗതം ആശംസിച്ചു.അമിതാ ബാബു ഉദ്ഘാടന കർമ്മം നടത്തി. മുഖ്യപ്രഭാഷണം സംസ്ഥാന ജനറൽ സെക്രട്ടറി കടമേരി ഉണ്ണികൃഷ്ണൻ നിർവഹിച്ചു.  ജോയിന്റ് സെക്രട്ടറി ചേന്ദമംഗലം രഘു,  കലാമണ്ഡലം രാധാകൃഷ്ണൻ, സുഗതകുമാരി, ജഗന്നാഥപിള്ള,മധുസൂദനൻ  നായർ.തുടങ്ങിയവർ ആശംസ അർപ്പിച്ചു .



മാപ്പിളപ്പാട്ടിന്റെ ജനകീയ മുഖമായി മലയാളികളുടെ മനസ്സിൽ ഇടംനേടിയ പ്രശസ്ത മാപ്പിളപ്പാട്ട് കലാകാരൻ വി. എം. കുട്ടിയുടെ സ്മരണയ്ക്കായി വി. എം. കുട്ടി ഫൗണ്ടേഷൻ സംസ്ഥാനകമ്മിറ്റിയുംമുഹമ്മദ്റാഫിഗ്ലോബൽഫൗണ്ടേഷൻ സംസ്ഥാന സമിതിയും സംയുക്തമായി ഏർപ്പെടുത്തിയ അഞ്ചാമത് വി. എം. കുട്ടി സ്മാരക സംസ്ഥാന പുരസ്കാരത്തിന് ഡോ. പി. സക്കീർ ഹുസൈനെ തെരഞ്ഞെടുത്തു. ശ്രദ്ധേയമായ നിരവധി ഗ്രന്ഥങ്ങളുടെ രചയിതാവും ഗവേഷകനും റിസർച്ച് ഗൈഡുമായ ഡോ. പി. സക്കീർ ഹുസൈന്റെ സാംസ്കാരിക-ചരിത്ര പഠനരംഗത്തെ സംഭാവനകൾ  മുൻനിർത്തിയാണ് പുരസ്കാരത്തിനായി തെരഞ്ഞെടുത്തത്.

# വായന മരിക്കുന്നില്ല; രീതി മാറുകയാണ് -മന്ത്രി റോജി എം. ജോൺ

### എല്ലാവിധ സാങ്കേതികസംവിധാനങ്ങളും പ്രയോജനപ്പെടുത്തി ആളുകളെ വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തുകയാണ് ലക്ഷ്യം



കഴക്കൂട്ടം : വായന മരിക്കുന്നുവെന്ന അഭിപ്രായത്തോട് യോജിപ്പില്ലെന്നും സാങ്കേതികവിദ്യയുടെ വളർച്ചയോടെ വായനാരീതി മാറിയെന്ന് നോക്കിക്കാണാനാണ് ആഗ്രഹിക്കുന്നതെന്നും ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം. ജോൺ. സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി ടെക്നോപാർക്കിൽ ആരംഭിച്ച സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ പുതിയ ശാഖ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

എല്ലാവിധ സാങ്കേതികസംവിധാനങ്ങളും പ്രയോജനപ്പെടുത്തി ആളുകളെ വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തുകയാണ് ലക്ഷ്യം. ഐ.ടി. ജീവനക്കാരുടെ തൊഴിലന്തരീക്ഷം മെച്ചപ്പെടുത്താനും ജോലിസമ്മർദം കുറയ്ക്കാനുമാണ് ടെക്നോപാർക്കിൽ ലൈബ്രറി പ്രവർത്തനം ആരംഭിച്ചതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

അംഗങ്ങളുടെ തിരിച്ചറിയൽ, പുസ്തകവിതരണം എന്നിവ ഏകീകരിക്കുന്ന സ്മാർട്ട് കാർഡ് സംവിധാനത്തിന്റെയും ഡിജിറ്റൽ പെയ്മെന്റ് സംവിധാനത്തിന്റെയും ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു. ടെക്നോപാർക്ക് ഫെയ്സ് ഒന്നിലെഭവാനിബിൽഡിങ്ങിലാണ് അത്യാധുനിക സൗകര്യങ്ങളോടെ ലൈബ്രറി ഒരുക്കിയിരിക്കുന്നത്. ആദ്യഘട്ടത്തിൽ മലയാളത്തിലും ഇംഗ്ലീഷിലുമുള്ള ആയിരത്തോളം ക്ലാസിക് കൃതികൾ ഇവിടെ ലഭ്യമാക്കും. കൂടാതെ ഇ-ബുക്കുകൾ, വിജ്ഞാനകോശങ്ങൾ, അന്താരാഷ്ട്ര ജേണലുകൾ, ഡിജിറ്റൽ റീഡിങ് സോണുകൾ എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്. രാവിലെ 11 മുതൽ വൈകീട്ട് 6 വരെയാണ് പ്രവർത്തനസമയം.

മുൻ എം.എൽ.എ.യും സെൻട്രൽ ലൈബ്രറി അഡ്വൈസറി കമ്മിറ്റി ചെയർമാനുമായ കെ. മോഹൻകുമാർ അധ്യക്ഷത വഹിച്ചു. സ്റ്റേറ്റ് ലൈബ്രേറിയൻ ശോഭന പി.കെ, അഭിലാഷ് ഡി.എസ്, ബാബു രാമചന്ദ്രൻ, മലയിൻകീഴ് വേണുഗോപാൽ, സിപിൻ വർഗീസ്, സി. റഹീം, അജിത് കൃഷ്ണനുണ്ണി, നെസിൻ ശ്രീകുമാർ, സുജ പി.എച്ച്, സീന എച്ച് എന്നിവർ പങ്കെടുത്തു.

# നടപ്പാതകളില്ല; കാൽനടയാത്ര ദുരിതം

തിരുവനന്തപുരം : കാൽനടയാത്രക്കാർക്ക് സുരക്ഷിതവും സുഗമവുമായ സഞ്ചാരം ഉറപ്പാക്കേണ്ട നടപ്പാതകൾ നഗരത്തിന്റെ പല ഭാഗങ്ങളിലും കാടുകയറിയും വാഹനങ്ങളുടെ പാർക്കിങ് ഇടമായും മാറിയതോടെ കാൽനടയാത്ര ദുരിതമാകുന്നു. നടപ്പാതകൾ കൈയേറിയതോടെ റോഡിലിറങ്ങി നടക്കേണ്ട സ്ഥിതിയിലാണ്കാൽനടയാത്രക്കാർ.

2022 മുതൽ 2024 വരെയുള്ള കണക്കുകൾപ്രകാരം നഗരത്തിൽ വിവിധ റോഡപകടങ്ങളിലായി 155 കാൽനടയാത്രക്കാരാണ് മരിച്ചത്. 2022-ൽ 45 ആയിരുന്ന മരണം 2023-ൽ 50 ആയും 2024-ൽ 60 ആയും ഉയർന്നു. നടപ്പാതകളുടെ അഭാവവും നിലവിലുള്ളവയുടെ അനധികൃത കൈയേറ്റവും അപകടസാധ്യത വർധിപ്പിക്കുന്ന പ്രധാന കാരണങ്ങളിലൊന്നാണ്.

രാത്രിയായാൽ വഴുതക്കാട് നിന്നും പാങ്ങോട് പോകുന്ന റോഡിൽ കോട്ടൺഹിൽ സ്കൂളിന് സമീപം റോഡുകളിൽ നടപ്പാത കൈയേറ്റം പതിവാണ്. ഭക്ഷണശാലകളോട് ചേർന്ന് കസേരകളും മേശകളും നിരത്തി നടപ്പാത തടസ്സപ്പെടുത്തുന്നതിന് പുറമെ, ഭക്ഷണം കഴിക്കാനെത്തുന്നവർ വാഹനങ്ങൾ റോഡരികിലും നടപ്പാതയിലുമായി പാർക്ക് ചെയ്യുന്നതും പതിവാണ്. ഇതോടെ കാൽനടയാത്രക്കാർക്ക് റോഡിലേക്ക് ഇറങ്ങുകയല്ലാതെ മറ്റ് മാർഗമില്ല. ഇരുവശത്തുനിന്നും വാഹനങ്ങൾ പാഞ്ഞെത്തുന്ന റോഡിൽ അശ്രദ്ധയ്ക്ക് വലിയവില നൽകേണ്ടിവരും.

വഞ്ചിയൂർ-കൈതമുക്ക് റോഡിലും പവർഹൗസ് റോഡിലും നടപ്പാതയിലേക്ക് വാഹനങ്ങൾ കയറ്റിയുള്ള പാർക്കിങ് വ്യാപകമാണ്. തിരുമല ജങ്ഷനിലും സ്ഥിതി വ്യത്യസ്തമല്ല. മങ്കാട്ടുകടവ്, പേയാട്, തമ്പാനൂർ, കിഴക്കേക്കോട്ട എന്നിവിടങ്ങളിലേക്ക് വാഹനങ്ങൾ നിരന്തരം കടന്നുപോകുന്ന തിരക്കേറിയ റോഡിന്റെ ഇരുവശങ്ങളിലും നടപ്പാതകൾ വാഹന പാർക്കിങ്ങിനായി ഉപയോഗിക്കുന്നു. വലിയവിളയിൽനിന്ന് കുണ്ടമൺകടവിലേക്കുള്ള കൊടുംവളവും അപകടഭീഷണി നിറഞ്ഞ ഇടമാണ്. സ്ഥിരമായി അപകടങ്ങൾ നടക്കുന്ന ഇവിടെ നടപ്പാത ഉപയോഗയോഗ്യമല്ല. തകർന്ന നടപ്പാതയിൽ അവിടവിടെ പുല്ലുവളർന്നു നിൽക്കുന്നു. രാത്രിയായാൽ മത്സ്യക്കച്ചവടക്കാരും നടപ്പാത കൈയേറുന്നതോടെ കാൽനടയാത്രകൂടുതൽദുഷ്കരമാകും. നഗരത്തിൽ പല ഇടങ്ങളിലും റോഡരികിലെ കടകൾ നടപ്പാത കൈയ്യേറിയിട്ടുണ്ട്. ചിലയിടങ്ങളിൽ റോഡരികിലെ എഡ്ജ് ലൈനിനപ്പുറം കാൽനടയാത്രക്കാർക്ക് ചുവടുവയ്ക്കാൻ പോലും ഇടമില്ല. നടപ്പാതയുള്ളിടത്ത് കൈയേറ്റവും പാർക്കിങ്ങും നടപ്പാതയില്ലാത്തിടത്ത് റോഡിലേക്ക് ഇറങ്ങി നടക്കേണ്ട അവസ്ഥയും. പരാതികൾ ഉയരുമ്പോൾ താൽക്കാലികമായി ഇടപെട്ട് കൈയേറ്റം ഒഴിപ്പിക്കുന്നതല്ലാതെ പ്രശ്നത്തിന്

# നവരാത്രി ആഘോഷങ്ങൾക്കായി ബൊമ്മക്കൊലു ഒരുങ്ങി



നാഗർകോവിൽ : നവരാത്രി ആഘോഷങ്ങൾക്ക് ദിവസങ്ങൾ ബാക്കിനിൽക്കെ, നാഗർകോവിൽ നഗരപ്രദേശങ്ങളിൽ ബൊമ്മക്കൊലു വില്പനക്ക് എത്തി.

വീടുകളിൽ പൂജയ്ക്കു വെയ്ക്കുന്ന ബൊമ്മക്കൊലുകൾ വാങ്ങാൻ ആവശ്യക്കാരും എത്തിത്തുടങ്ങി. കളിമണ്ണിലും പേപ്പറിലും നിർമിക്കുന്ന ബൊമ്മക്കൊലുക്കൾ പ്രധാനമായും കാഞ്ചീപുരം, കടലൂർ, പോണ്ടിച്ചേരി, കൊൽക്കത്ത എന്നിവിടങ്ങളിൽനിന്നാണ് വില്പനയ്ക്ക് എത്തുന്നത്.

ഇക്കുറി ശൂരസംഹാരം, പുരി ജഗന്നാഥ സ്വാമി, തിരുനെൽവേലിയിലെ നെല്ലൈയപ്പർ-ഗാന്ധിമതി, പെരുമാൾ തേരോട്ടം, വിശ്വരൂപം എന്നീ ബൊമ്മക്കൊലുക്കൾ പുതിയതായി എത്തിയിട്ടുണ്ടെന്നു വടിവീശ്വരത്ത് വർഷങ്ങളായി ബൊമ്മക്കൊലുകൾ വിൽക്കുന്ന കുമാരവേൽ പറഞ്ഞു. ദശാവതാരം, അഷ്ടലക്ഷ്മി, ആറുപടൈ വീട്, കല്യാണസെറ്റ് എന്നിവയ്ക്കാണ് കൂടുതൽ ആവശ്യക്കാരുള്ളത്. ബൊമ്മകളുടെ നിർമാണച്ചെലവ് വർധിച്ചതിനാൽ വിലയിലും വർധനയുണ്ടായിട്ടുണ്ട്. കൊലു വെയ്ക്കുന്നതിനുപയോഗിക്കുന്ന മെറ്റൽ സ്റ്റീൽ നിർമിതമായ തട്ടുകളും വില്പനയ്ക്ക് എത്തിയിട്ടുണ്ട്. വീടുകളിലും ക്ഷേത്രങ്ങളിലും മറ്റും 11-ന് ബൊമ്മക്കൊലുക്കൾ പ്രത്യേക തട്ടുകളിൽ പൂജയ്ക്ക് വെയ്ക്കും.

# കല്ലമ്പലത്ത് എം.ബി.ബി.എസ്. വിദ്യാർഥി കാറിൽ മരിച്ച നിലയിൽ



കല്ലമ്പലം : കല്ലമ്പലത്ത് ദേശീയപാതയിലെ സർവീസ് റോഡിൽ നിർത്തിയിട്ടിരുന്ന കാറിനുള്ളിൽ അവസാനവർഷ എം.ബി.ബി.എസ്. വിദ്യാർഥിയെ മരിച്ച നിലയിൽ കണ്ടെത്തി. മടവൂർ സീമന്തപുരം സിംപിൾ ഹൗസിൽ റിട്ട. ഡെപ്യൂട്ടി തഹസിൽദാർ അൻസാറിന്റെയും ഇളമ്പ ഹയർസെക്കൻഡറി സ്കൂൾ അധ്യാപിക സീനയുടെയും മകൻ ആഷിക്കാണ് (25) മരിച്ചത്. ആലപ്പുഴ മെഡിക്കൽ കോളേജിലെ അവസാനവർഷ എം.ബി.ബി.എസ്. വിദ്യാർഥിയായിരുന്നു.

ചൊവ്വാഴ്ച രാത്രി എട്ടരയോടെയാണ് ദേശീയപാതയോട് ചേർന്നുള്ള സർവീസ് റോഡിൽ നിർത്തിയിട്ടിരുന്ന കാറിനുള്ളിൽ ആഷിക്കിനെ അനക്കമില്ലാത്ത നിലയിൽ കണ്ടെത്തിയത്. കാറിന്റെ സീറ്റിൽ ചാരിക്കിടക്കുന്ന നിലയിലായിരുന്നു.

വൈകീട്ട് നാലുമണിയോടെ പള്ളിയിലേക്കും തുടർന്ന് കല്ലമ്പലത്തേക്കും പോകുമെന്ന് പറഞ്ഞാണ് വീട്ടിൽ നിന്നിറങ്ങിയത്. മടങ്ങിയെത്താൻ വൈകിയതോടെ പിതാവ് അൻസാർ സുഹൃത്തിനൊപ്പം അന്വേഷണം ആരംഭിച്ചു.

ആഷിക്കിന്റെ മൊബൈൽ ഫോൺ കേന്ദ്രീകരിച്ച് നടത്തിയ പരിശോധനയിൽ കല്ലമ്പലം-തട്ടുപാലം ഭാഗത്താണ് ലൊക്കേഷൻ ലഭിച്ചത്. തുടർന്ന് കല്ലമ്പലം പോലീസിന്റെ സഹായത്തോടെ നടത്തിയ അന്വേഷണത്തിലാണ് കാർ കണ്ടെത്തിയത്.

പാരിപ്പള്ളി മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും ആശുപത്രിയിലെത്തുന്നതിന് മുമ്പുതന്നെ മരിച്ചതായി ഡോക്ടർമാർ സ്ഥിരീകരിച്ചു. മരണകാരണം വ്യക്തമല്ല. പോസ്റ്റുമോർട്ടം റിപ്പോർട്ട് ലഭിച്ച ശേഷമേ മരണകാരണം സംബന്ധിച്ച് വ്യക്തത ലഭിക്കുകയുള്ളൂവെന്ന് കല്ലമ്പലം പോലീസ് അറിയിച്ചു.

ഓഗസ്റ്റ് ഒൻപതിനാണ് ആലപ്പുഴ മെഡിക്കൽ കോളേജിലെ പ്രാക്ടിക്കൽ പരീക്ഷയ്ക്ക് തൊട്ടുമുമ്പ് ആഷിക്കിനെ കാണാതായത്.

12 ദിവസത്തിനുശേഷം ഗോവയിൽ നിന്നാണ് പോലീസ് ആഷിക്കിനെ കണ്ടെത്തിയത്. നാട്ടിലെത്തിയശേഷം കോഴ്സ് പൂർത്തിയാക്കി വീട്ടിൽ കഴിയുകയായിരുന്നു. ആഷിക്കിന്റെ മൃതദേഹം പോങ്ങനാട് ആരൂർ ജമാഅത്ത് കബർസ്ഥാനിൽ സംസ്കരിച്ചു.

സഹോദരി അജിന കംപ്യൂട്ടർ എൻജിനീയറിങ് വിദ്യാർഥിനിയാണ്.സംഭവത്തിൽ കല്ലമ്പലം പോലീസ് അന്വേഷണം തുടരുകയാണ്.

DTV NEWS
സത്യം എപ്പോഴും നിങ്ങളോടൊപ്പം
DIGITAL NEWS PAPER IN MALAYALAM
2026 OCTOBER 08 Thursday


# മുതലപ്പൊഴി ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ: ഉദ്ഘാടനം കഴിഞ്ഞിട്ട് മാസങ്ങൾ; ഉപയോഗിക്കാനായില്ല



ചിറയിൻകീഴ് : മുതലപ്പൊഴിയിലെത്തുന്ന സഞ്ചാരികൾക്കായി കോടികൾ ചെലവഴിച്ച് നിർമ്മിച്ച മുതലപ്പൊഴി ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ ഉദ്ഘാടനം കഴിഞ്ഞ് മാസങ്ങൾ പിന്നിട്ടിട്ടും തുറക്കുന്നില്ല. ദിനംപ്രതി നൂറുകണക്കിന് സഞ്ചാരികളെത്തുന്ന മുതലപ്പൊഴിയിൽ സഞ്ചാരികൾക്ക് പ്രയോജനമാകേണ്ട സെന്ററാണ് പൂട്ടിക്കിടക്കുന്നത്.
മുതലപ്പൊഴിയിലെത്തുന്ന സഞ്ചാരികൾ അടിസ്ഥാന സൗകര്യങ്ങളില്ലാതെ വലയുമ്പോഴാണ് അധികൃതരുടെ അവഗണനയിൽ ഈ കേന്ദ്രം പൂട്ടിയിട്ടിരിക്കുന്നത്.

തുറക്കാതെ
2020-ൽ തറക്കല്ലിട്ട പദ്ധതിക്കായി ടൂറിസം വകുപ്പ് മൂന്ന് കോടി രൂപയാണ് അനുവദിച്ചത്. ഹാർബർ എൻജിനീയറിങ് വകുപ്പിന്റെ മേൽനോട്ടത്തിൽ രണ്ടരവർഷം കൊണ്ടാണ് നിർമ്മാണം പൂർത്തിയാക്കിയത്. തുടർന്ന് ഒന്നരവർഷത്തോളം കേന്ദ്രം പൂട്ടിയിട്ടു. ഇക്കാരണത്താൽ പ്രധാന ഗേറ്റും സ്റ്റാളുകളായി ക്രമീകരിച്ച കടമുറികളുടെ വാതിലുകളും ഇലക്ട്രിക് ഉപകരണങ്ങളും തുരുമ്പെടുത്ത് നശിച്ചു. കേന്ദ്രത്തിന്റെ ജീർണാവസ്ഥയെക്കുറിച്ച് 'മാതൃഭൂമി' വാർത്ത നൽകിയിരുന്നു.

തുടർന്ന് അധികൃതർ 10 ലക്ഷം രൂപ കൂടി അധികമായി ചെലവഴിച്ച് അറ്റകുറ്റപ്പണികൾ നടത്തേണ്ടിവന്നു. പിന്നീട് ടൂറിസം മന്ത്രിയായിരുന്ന പി.എ. മുഹമ്മദ് റിയാസ് കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു.

കുട്ടികൾക്കായുള്ള കളിസ്ഥലം, കഫ്റ്റീരിയ, ഓപ്പൺ എയർ ഓഡിറ്റോറിയം, വൃത്തിയുള്ള ശൗചാലയങ്ങൾ തുടങ്ങി സഞ്ചാരികൾക്ക് ആവശ്യമുള്ള സൗകര്യങ്ങളെല്ലാം ഇവിടെയുണ്ടെങ്കിലും ആർക്കും പ്രവേശനമില്ല.



# ഭീഷണിപ്പെടുത്തി നഗ്നയായി വീഡിയോകോൾ

## പണംതട്ടാൻ ശ്രമിച്ച യുവാവ് അറസ്റ്റിൽ



കണ്ണൂർ: യുവതിയെ ഭീഷണിപ്പെടുത്തി നഗ്നയായി വീഡിയോകോൾ ചെയ്യിച്ച യുവാവ് അറസ്റ്റിൽ. കണ്ണൂർ പരിയാരം തിമരി സ്വദേശി ലിജേഷ് (39) ആണ് അറസ്റ്റിലായത്. വീഡിയോ ദൃശ്യങ്ങൾ സ്ക്രീൻഷോട്ട് എടുത്ത ലിജേഷ് യുവതിയെ ഭീഷണിപ്പെടുത്തി പണം ആവശ്യപ്പെട്ടതായാണ് പരാതി.യുവതിയുമായി അടുപ്പം സ്ഥാപിച്ച ലിജേഷ് യുവതിയെ ഭീഷണിപ്പെടുത്തി നഗ്നയായി വീഡിയോ കോൾ ചെയ്യിപ്പിക്കുകയും അവർ അറിയാതെ സ്ക്രീൻ ഷോട്ട് എടുക്കുകയുമായിരുന്നെന്ന് പൊലീസ് പറയുന്നു. തുടർന്ന് ഈ നഗ്നചിത്രങ്ങൾ പുറത്തുവിടുമെന്ന് ഭീഷണിപ്പെടുത്തി യുവതിയോട് പണം ആവശ്യപ്പെടുകയായിരുന്നു. നിരന്തരമുള്ള ഭീഷണി സഹിക്കാനാകാതെ വന്നതോടെയാണ് യുവതി പൊലീസിൽ പരാതി നൽകിയത്.യുവതിയുടെ മൊഴി രേഖപ്പെടുത്തിയ പൊലീസ് ലിജേഷിനെ അറസ്റ്റുചെയ്യുകയായിരുന്നു. അന്വേഷണത്തിൽ ലിജേഷ് യുവതിയുടെ നഗ്നചിത്രങ്ങൾ വാട്സ്ആപ്പിലൂടെ ചില സുഹൃത്തുക്കൾക്ക് അയച്ചുകൊടുത്തതായും പൊലീസ് കണ്ടെത്തി. ലിജേഷ് സമാനമായ രീതിയിൽ ആരെയെങ്കിലും ഭീഷണിപ്പെടുത്തി പണം തട്ടിയിട്ടുണ്ടോയെന്ന് അന്വേഷിച്ചുവരികയാണ്. കേസിൽ കോടതിയിൽ ഹാജരാക്കിയ ലിജേഷിനെ റിമാൻഡ് ചെയ്തു.



# പൊലീസുകാരനെ വാഹനം ഇടിപ്പിച്ച പ്രതി പിടിയിൽ

ചെറുതുരുത്തി: ചെറുതുരുത്തി സ്റ്റേഷനിലെ പൊലീസുകാരനെ വാഹനമിടിച്ച് പരിക്കേൽപ്പിച്ച കേസിലെ പ്രതി പിടിയിൽ. ചെറുതുരുത്തി പാളയംകോട്ടുകാരൻ റജീബാണ് (31) ചെറുതുരുത്തി പൊലീസിന്റെ പിടിയിലായത്. സെപ്തംബർ 24നായിരുന്നു സംഭവം. നിരവധി കേസുകളിലെ പ്രതിയായ അന്വേഷിച്ച് വീട്ടിലെത്തിയ പൊലീസുകാർക്കു നേരെ വാഹനമോടിച്ച് വരികയും സീനിയർ സി.പി.ഒയായ വിനീത് മോന് വാഹനമിടിച്ച് പരിക്കേൽക്കുകയുമായിരുന്നു. തൃശൂർ പൂത്തോളിൽ ഒളിച്ചു താമസിക്കുകയായിരുന്ന സ്ഥലത്തുനിന്നാണ് പ്രതിയെ പിടികൂടിയത്. അന്ന് റജീബിനോടൊപ്പം വാഹനം ഓടിച്ച പ്രതിയെ പിടികൂടാനായിട്ടില്ല.
ചെറുതുരുത്തി സി.ഐ വി.എസ്.ശ്യാംകുമാറിന്റെ നേതൃത്വത്തിൽ സീനിയർ സി.പി.ഒ ഡിജോ വാഴപ്പിള്ളി, ഗിരീഷ്, ഷമീം, സുബിൻ എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്. പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

# തായ്‌ലാൻഡ് യുവതിയെ വിവാഹം കഴിച്ച് പണം തട്ടി





ലക്നൗ: വിവാഹം കഴിച്ചതിനുശേഷം വഞ്ചിച്ചുവെന്ന തായ് യുവതിയുടെ പരാതിയിൽ ഉത്തർപ്രദേശ് സ്വദേശി അറസ്റ്റിൽ. തായ്‌ലാൻഡ് സ്വദേശിയായ അപ്സോണിന്റെ പരാതിയിൽ കാൺപൂർ സ്വദേശിയായ ലെതർ ബിനിനസുകാരൻ ഇർഫാൻ ആണ് അറസ്റ്റിലായത്. തായ്‌ലൻഡിൽ റെസ്റ്റോറന്റും ക്യാന്റീനും നടത്തുന്ന അപ്സോൺ സമൂഹമാദ്ധ്യമത്തിലൂടെയാണ് ഇർഫാനുമായി പരിചയത്തിലായത്.സൗഹൃദം പ്രണയത്തിലേയ്ക്കും വിവാഹത്തിലേയ്ക്കും നയിക്കുകയായിരുന്നു. അവിവാഹിതനാണെന്ന് വിശ്വസിപ്പിച്ചാണ് വിവാഹം കഴിച്ചതെന്ന് അപ്സോൺ പറയുന്നു. രണ്ട് വർഷം മുൻപായിരുന്നു വിവാഹം. ഇതിനുശേഷം ബിസിനസ് ആവശ്യങ്ങളെന്നും മറ്റും പറഞ്ഞ് ഇർഫാൻ 60 ലക്ഷം രൂപ പലപ്പോഴായി തന്റെ കയ്യിൽ നിന്ന് വാങ്ങിയെന്ന് യുവതി പറയുന്നു. കുറച്ചുനാൾ കഴിഞ്ഞ് ഇർഫാൻ എല്ലാ ബന്ധങ്ങളും അവസാനിപ്പിച്ചുവെന്നും ഒന്നുമറിയിക്കാതെ ഇന്ത്യയിലേയ്ക്ക് മടങ്ങിയെന്നും യുവതിയുടെ പരാതിയിലുണ്ട്.മാസങ്ങളായിട്ടും ഇർഫാന്റെ വിവരം ലഭിക്കാതായതോടെ ഇന്നലെ അപ്സോൺ ഇന്ത്യയിലെത്തി. കാൺപൂരിലെ ഇർഫാന്റെ വീട്ടിലെത്തിയപ്പോഴാണ് ഇയാൾ വിവാഹിതനാണെന്നും രണ്ട് മക്കളുടെ പിതാവുമാണെന്നും മനസിലായത്. 12 വർഷം മുൻപായിരുന്നു വിവാഹം. തന്നെ വഞ്ചിച്ചതെന്തിനെന്ന് ചോദിച്ചുകൊണ്ട് പണം തിരികെ ആവശ്യപ്പെട്ടപ്പോൾ ഇർഫാൻ മർദ്ദിച്ചതായി യുവതി പറഞ്ഞു. പണം തിരികെ നൽകണമെങ്കിൽ ഇസ്ളാം മതം സ്വീകരിച്ച് ബുർഖ ധരിക്കണമെന്ന് ഇയാൾ ആവശ്യപ്പെട്ടതായും യുവതി ആരോപിക്കുന്നു. തുടർന്ന് യുവതി പൊലീസിൽ പരാതി നൽകുകയായിരുന്നു. പരാതിയിൽ എഫ് ഐ ആർ രജിസ്റ്റർ ചെയ്ത പൊലീസ് ഇർഫാനെ അറസ്റ്റ് ചെയ്യുകയായിരുന്നു.

# രോഗിയോട് മോശമായി പെരുമാറിയ ഡോക്ടർ അറസ്റ്റിൽ

അഹമ്മദാബാദ്: രോഗിയോട് മോശമായി പെരുമാറിയ ഡോക്ടർ അറസ്റ്റിൽ. അഹമ്മദാബാദിലെ മേംനഗറിലുള്ള സ്വകാര്യ ആശുപത്രിയിലെ ഡോക്ടറും അഹമ്മദാബാദിലെ താൽതെജ് സ്വദേശിയുമായ വിരാജ് സതീഷ്കുമാർ പട്ടേൽ ആണ് ഗ്യാസ്ട്രിക് അൾസറിന്റെ ചികിത്സക്കെത്തിയ 25കാരിയായ യുവതിയോട് മോശമായി പെരുമാറിയത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ സെൻട്രൽ ജയിലിൽ പ്രവേശിപ്പിച്ചു.വസ്ത്രാപൂർ സ്വദേശിയായ യുവതി ഒരു പ്രാദേശിക സ്ഥാപനത്തിലെ വിദ്യാർത്ഥിനിയാണ്. അൾസർ ബാധിച്ച യുവതി മേംനഗറിലെ ഗ്യാസ്ട്രോ ആന്റ് ലിവർ ഹോസ്പിറ്റലിൽ ചികിത്സക്കെത്തിയതായിരുന്നു. ആദ്യ കൂടിക്കാഴ്ചയിൽ ഡോക്ടർ സോണോഗ്രഫി ഉൾപ്പെടെ ചെയ്യിക്കുകയും യുവതിക്ക് മരുന്ന് നൽകുകയും ചെയ്തു.ആരോഗ്യസ്ഥിതി മോശമായതോടെ കുടുംബത്തോടൊപ്പം ഒക്ടോബർ ഒന്നിന് യുവതി വീണ്ടും ആശുപത്രിയിലെത്തി. അന്ന് രാത്രി പരിശോധനക്കിടെ അടിവസ്ത്രമഴിച്ചുമാറ്റാൻ ആവശ്യപ്പെടുകയും കയ്യുറ ധരിക്കാതെ മാറിടത്തിൽ പരിശോധിക്കുകയും ചെയ്തുവെന്ന് യുവതിയുടെ പരാതിയിൽ പറയുന്നു. വനിതാ സ്റ്റാഫിന്റെ സാന്നിദ്ധ്യമില്ലാതെയായിരുന്നു പരിശോധന. പിറ്റേ ദിവസവും യുവതിയോട് ചികിത്സക്കെത്താൻ ആവശ്യപ്പെട്ട ഡോക്ടർ യുവതിയെ ആശുപത്രിയിലെ മറ്റൊരു മുറിയിൽ കൊണ്ടുപോവുകയും മുറി അകത്തുനിന്ന് പൂട്ടുകയും ചെയ്തു.

# സുഗതൻ കൗൺസിലിലേക്ക്; ബി.ജെ.പി.യ്ക്ക് ആശ്വാസം

**ഇതിനിടെ വിയ്യൂർ ജയിലിൽ കഴിഞ്ഞിരുന്ന സുഗതന് ജയിലിനുള്ളിൽ വെച്ച് സത്യപ്രതിജ്ഞ ചെയ്യാൻ ഹൈക്കോടതി അനുമതി നൽകിയ അപൂർവതയ്ക്കും കേരളം സാക്ഷ്യം വഹിച്ചു. നേരത്തെ ഇഷ്ടദൈവങ്ങളുടെ പേരിൽ നടത്തിയ സത്യപ്രതിജ്ഞ നിയമപരമായി നിലനിൽക്കില്ലെന്ന് കണ്ട് കോടതി റദ്ദാക്കിയ 20 കൗൺസിലർമാരുടെ പട്ടികയിൽ സുഗതനും ഉൾപ്പെട്ടിരുന്നു.**



തിരുവനന്തപുരം : സത്യപ്രതിജ്ഞയും കൗൺസിലിലെ ഹാജരും മുതൽ വ്യാജ ഒപ്പുവിവാദംവരെ ആളിക്കത്തിയപ്പോൾ പ്രതിരോധത്തിലായ തിരുവനന്തപുരം കോർപ്പറേഷൻ ഭരണസമിതിക്ക് ആശ്വാസമായി കൗൺസിലർ സുഗതന്റെ മോചനം. സംസ്ഥാനത്ത് ബി.ജെ.പി. ഭരിക്കുന്ന ഏക കോർപ്പറേഷനായ തിരുവനന്തപുരം കോർപ്പറേഷൻ ഭരണസമിതിക്ക് കേവലഭൂരിപക്ഷംപോലും തുലാസിലായ അവസ്ഥയിൽനിന്നുള്ള 'മോചന'മായി ഹൈക്കോടതിവിധി.

ജൂൺ എട്ടിനാണ് കാപ്പാ കേസ് ചുമത്തി വാഴോട്ടുകോണം കൗൺസിലർ ആർ. സുഗതനെ ജയിലിലടച്ചത്. ഇതോടെ ബി.ജെ.പി.ക്ക് മുന്നിൽ കടുത്ത രാഷ്ട്രീയവെല്ലുവിളിയാണ് ഉയർന്നത്. സംസ്ഥാനത്ത് ആദ്യമായി ലഭിച്ച കോർപ്പറേഷൻ ഭരണം ഇത് തുലാസിലാക്കി. കൂടാതെ കേസുമായി ബന്ധപ്പെട്ട നിയമപോരാട്ടങ്ങളിലൊന്നും അനുകൂലമായ വിധി സമ്പാദിക്കാനുമായില്ല. ഇതിനിടെ സത്യപ്രതിജ്ഞാവിവാദം കാര്യങ്ങൾ കൂടുതൽ പ്രതിസന്ധിയിലാക്കി. ഒടുവിൽ ജയിലിൽ സത്യപ്രതിജ്ഞാച്ചടങ്ങ് നടത്തിയാണ് അംഗത്വം നിലനിർത്താനായത്.

തുടർച്ചയായി മൂന്ന് കൗൺസിലിൽ പങ്കെടുക്കാനാകാതെ സുഗതന് അയോഗ്യത നേരിട്ടാൽ പാർട്ടിക്കും ഭരണനേതൃത്വത്തിനും തിരിച്ചടിയാകുമായിരുന്നു.

ആ സാഹചര്യത്തിൽ പ്രതിപക്ഷം അവിശ്വാസപ്രമേയം കൊണ്ടുവരാനുള്ള നീക്കവും നടത്തി. പ്രതിപക്ഷത്തെ ഞെട്ടിച്ച് കോൺഗ്രസ് വിമതനെ കൂടെ നിർത്തിയ രാഷ്ട്രീയനീക്കത്തിലൂടെ സുഗതന്റെ അയോഗ്യതാഭീഷണിയിൽനിന്ന് താത്കാലികമായി ഭരണസമിതി രക്ഷപ്പെടുകയായിരുന്നു.

ഇതിനിടെ ശാസ്തമംഗലം കൗൺസിലർ ആർ. ശ്രീലേഖ രാജിക്കൊരുങ്ങിയത് ബി.ജെ.പിയെ വീണ്ടും പ്രതിസന്ധിയിലാക്കി. രണ്ട് കൗൺസിലർമാരുടെ കുറവിലേക്കായിരുന്നു നീങ്ങിയത്. സംസ്ഥാനനേതൃത്വം ഇടപെട്ടാണ് ശ്രീലേഖയെ അനുനയിപ്പിച്ച് രാജിതീരുമാനം മാറ്റിയത്.

ഇതിന് പിന്നാലെ, സുഗതൻ ഒളിവിലായിരുന്ന സമയത്ത് നടന്ന കൗൺസിൽ യോഗങ്ങളിൽ ഇയാൾ പങ്കെടുത്തതായി വരുത്തിതീർക്കാൻ ഒപ്പ് വ്യാജമായി രേഖപ്പെടുത്തിയെന്ന ആരോപണം ഉയർന്നു. ഇക്കാര്യത്തിൽ കോർപ്പറേഷൻ പാർലമെന്ററി പാർട്ടി ലീഡർ എസ്.പി. ദീപക് നൽകിയ പരാതിയിൽ മ്യൂസിയം പോലീസ് അന്വേഷണം ആരംഭിക്കുകയും ചെയ്തു.

കടുത്ത പ്രതിസന്ധിഘട്ടത്തിൽ സുഗതനെതിരെയുള്ള കാപ്പാ കേസ് ഹൈക്കോടതി റദ്ദാക്കിയ നടപടി ഭരണസമിതിക്ക് വലിയ രാഷ്ട്രീയാശ്വാസമാണ് നൽകുന്നത്. അടുത്ത കൗൺസിൽ യോഗം മുതൽ സുഗതൻ കൗൺസിലിൽ ഉണ്ടാകും. 101 അംഗങ്ങളുള്ള തിരുവനന്തപുരം കോർപ്പറേഷനിൽ 50 സീറ്റുള്ള ബി.ജെ.പി ഒരു സ്വതന്ത്രന്റെ പിന്തുണയോടെയാണ് ഭരിക്കുന്നത്. യു.ഡി.എഫിന് 20 സീറ്റും എൽ.ഡി.എഫിന് 29 സീറ്റുമാണുള്ളത്. നേരത്തെ കോർപ്പറേഷനിൽ കേവലഭൂരിപക്ഷത്തിന് ഒരംഗത്തിന്റെ കുറവുണ്ടായപ്പോൾ സ്വതന്ത്രനായ പാറ്റൂർ രാധാകൃഷ്ണൻ മാത്രമാണ് ബി.ജെ.പിക്കൊപ്പം ചേർന്നത്. ഇതോടെയാണ് ഭരണപക്ഷത്ത് 51 പേരും പ്രതിപക്ഷത്ത് 49 പേരും എന്നായത്.

**അത്യപൂർവം ജയിലിലെ സത്യപ്രതിജ്ഞ**

:ഇതിനിടെ വിയ്യൂർ ജയിലിൽ കഴിഞ്ഞിരുന്ന സുഗതന് ജയിലിനുള്ളിൽവെച്ച് സത്യപ്രതിജ്ഞ ചെയ്യാൻ ഹൈക്കോടതി അനുമതി നൽകിയ അപൂർവതയ്ക്കും കേരളം സാക്ഷ്യം വഹിച്ചു. നേരത്തെ ഇഷ്ടദൈവങ്ങളുടെ പേരിൽ നടത്തിയ സത്യപ്രതിജ്ഞ നിയമപരമായി നിലനിൽക്കില്ലെന്ന് കണ്ട് കോടതി റദ്ദാക്കിയ 20 കൗൺസിലർമാരുടെ പട്ടികയിൽ സുഗതനും ഉൾപ്പെട്ടിരുന്നു. മറ്റുള്ളവർ കോർപ്പറേഷനിൽവെച്ച് സത്യപ്രതിജ്ഞ ചെയ്തെങ്കിലും ജയിലിലായതിനാൽ സുഗതന് അതിന് സാധിച്ചിരുന്നില്ല. കോടതി അനുമതിയോടെ ജൂലായ് 14-ന് സുഗതൻ ജയിലിനുള്ളിൽ സത്യപ്രതിജ്ഞ ചെയ്താണ് കൗൺസിലർ സ്ഥാനം നിലനിർത്തിയത്.

# ഏകാന്തത എങ്ങനെ തരണം ചെയ്യാം

**നമ്മുടെ ഇടയിൽനിന്ന് താമസം മാറിപ്പോയവരോ മറ്റ് ഏതെങ്കിലും കാരണങ്ങളാൽ ബന്ധപ്പെടാൻ കഴിയാത്തവരോ ആയ സുഹൃത്തുക്കൾ നമുക്ക് എല്ലാവർക്കുമുണ്ട്. ഇവരെല്ലാം നമ്മിൽനിന്ന് വളരെ അകലെയാണെങ്കിലും അവരുമായി ബന്ധം കാത്തുസൂക്ഷിക്കുന്നത് വളരെ നല്ലതാണ്.**



മിക്കവർക്കും ഏകാന്തത അനുഭവപ്പെടുന്നു. പ്രശസ്തരായ ആളുകൾ പോലും ഇതിൽ ഉൾപ്പെടുന്നു. എന്തുകൊണ്ടാണ് അങ്ങനെ പറയുന്നത്? കാരണം, ഒരു വ്യക്തിക്ക് ഏകാന്തത അനുഭവപ്പെടുന്നുണ്ടോ എന്ന് നിർണയിക്കുന്നത്, ആ വ്യക്തിക്കുള്ള സുഹൃത്തുക്കളുടെ എണ്ണമല്ല. പകരം ഉള്ള സുഹൃദ്ബന്ധങ്ങളുടെ ആഴം എത്രത്തോളം ഉണ്ടെന്നുള്ളതാണ്. പ്രശസ്തനായ ഒരു വ്യക്തിയുടെ ചുറ്റിലും എപ്പോഴും ആളുകൾ ഉണ്ടായേക്കാമെങ്കിലും യഥാർഥസുഹൃത്തുക്കൾ ഇല്ലാത്തതിനാൽ ഒറ്റപ്പെടൽ അനുഭവപ്പെട്ടേക്കാം.

ഏകാന്തത നിങ്ങളുടെ ആരോഗ്യത്തെ ബാധിച്ചേക്കാം. 148 ആളുകളെ ഉൾപ്പെടുത്തി നടത്തിയ ഒരു പഠനത്തിൽ ഗവേഷകർ പിൻവരുന്ന നിഗമനത്തിൽ എത്തി. സമൂഹവുമായി തീരെ ഇടപഴകാത്ത ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം അയാൾക്ക് അകാലമരണം സംഭവിക്കാനുള്ള സാധ്യത ഏറെയാണ്. മാത്രമല്ല, “അമിതവണ്ണം മൂലം ഒരു വ്യക്തിക്ക് ഉണ്ടാകാവുന്ന ദൂഷ്യഫലത്തിൻറെ രണ്ടു മടങ്ങിനോടും” ഒരു വ്യക്തി “ദിവസവും 15 സിഗരറ്റ് വലിക്കുന്നതിനോടും” ആണ് ഗവേഷകർ ഏകാന്തതയെ താരതമ്യപ്പെടുത്തിയത്. ഏകാന്തതയ്ക്ക് നിങ്ങളുടെ മനോബലം ക്ഷയിപ്പിക്കാനാകും. നല്ലൊരു കൂട്ടുകാരനെ കിട്ടാത്തതിനാൽ കിട്ടിയ കൂട്ടുമായി ഒത്തുപോകാൻ നിങ്ങൾ തീരുമാനിച്ചേക്കാം. യുവാവായ അലൻ പറയുന്നു: “നിങ്ങൾ ഏകാന്തത അനുഭവിക്കുന്നതിനാൽ ഏതുവിധേനയും മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ചുപറ്റാൻ ആഗ്രഹിച്ചേക്കാം. ഒരു സുഹൃത്തുപോലും ഇല്ലാതിരിക്കുന്നതിനേക്കാൾ നല്ലതാണല്ലോ അൽപം മോശമായ ഒരു സൗഹൃദം എങ്കിലും ഉണ്ടായിരിക്കുന്നത്.”

ഏകാന്തതയെ തുരത്താൻ സാങ്കേതികവിദ്യക്കാകില്ല. “നൂറിലധികം ആളുകൾക്ക് ഇ-മെയിൽ അയയ്ക്കുമ്പോൾപോലും ഏകാന്തത നമ്മളെ പിടിമുറുക്കിയേക്കാം” എന്ന് യുവതിയായ നാറ്റ്‌ലി പറയുന്നു. ടൈലർ എന്ന കൗമാരക്കാരനും സമാനമായ അഭിപ്രായമാണുള്ളത്. “മെസേജ് അയയ്ക്കുന്നത് ഒരു ലഘുഭക്ഷണംപോലെയാണെങ്കിൽ ഒന്നിച്ചിരുന്നുള്ള സംഭാഷണം വിഭവസമൃദ്ധമായ ഒരു സദ്യപോലെയാണ്. ലഘുഭക്ഷണം നിങ്ങൾ ആസ്വദിക്കുമെങ്കിലും നിങ്ങളെ പൂർണമായി തൃപ്തിപ്പെടുത്താൻ ഒരു നല്ല സദ്യക്കേ കഴിയൂ.” നിങ്ങൾക്കു ചെയ്യാനാകുന്നത്

നല്ലതിൽ ശ്രദ്ധ കേന്ദ്രീകരിക്കുക. ഉദാഹരണത്തിന്, ഫോട്ടോ പങ്കുവെക്കാവുന്ന വെബ്സൈറ്റ് തുറന്നപ്പോൾ നിങ്ങളെ ക്ഷണിച്ചിട്ടില്ലാത്ത ഒരു കൂടിവരവിൽ നിങ്ങളുടെ സുഹൃത്തുക്കളുടെയെല്ലാം ചിത്രങ്ങൾ നിങ്ങൾ കാണുകയാണെന്ന് ഇരിക്കട്ടെ. ഈ സാഹചര്യത്തിൽ അവർ മനപ്പൂർവം ഒഴിവാക്കിയതാണെന്ന് വേണമെങ്കിൽ ചിന്തിക്കാം. അല്ലെങ്കിൽ, അതിലെ നല്ല വശം കണ്ടുപിടിക്കാൻ ശ്രമിക്കാം. നടന്ന സംഭവത്തെക്കുറിച്ചുള്ള എല്ലാ വിശദാംശങ്ങളും നിങ്ങൾക്ക് അറിയില്ലെന്നിരിക്കെ, എന്തിന് തെറ്റായ നിഗമനത്തിൽ എത്തിച്ചേരണം? പകരം നിങ്ങളെ ഒഴിവാക്കാനുണ്ടായ കാര്യത്തെപ്പറ്റി മെച്ചപ്പെട്ട രീതിയിൽ ചിന്തിക്കാൻ ശ്രമിക്കുക. മിക്കപ്പോഴും, നിങ്ങളെ ഒഴിവാക്കിയ ആ സാഹചര്യമല്ല പകരം ആ സാഹചര്യത്തെക്കുറിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാടാണ് ഏകാന്തതയ്ക്ക് കാരണമാകുന്നത്നിങ്ങളെക്കാൾ പ്രായമുള്ളവരെ സുഹൃത്തുക്കളായി തിരഞ്ഞെടുക്കുക. ബൈബിളിൽ ദാവീദിനെക്കുറിച്ച് പറയവെ, അവൻറെ കൗമാരത്തിലാണ് തന്നെക്കാൾ 30 വയസ്സ് അധികമുള്ള യോനാഥാനെ കണ്ടുമുട്ടിയത്. അവർ തമ്മിൽ പ്രായവ്യത്യാസമുണ്ടായിരുന്നെങ്കിലും ദാവീദും യോനാഥാനും ഉറ്റസുഹൃത്തുക്കളായിരുന്നു. (1 ശമൂവേൽ 18:1) നിങ്ങൾക്കും ഇതുപോലെ പ്രായമുള്ളവരെ സുഹൃത്തുക്കളാക്കാൻ കഴിയും. 21 വയസ്സുള്ള കിയേറ പറയുന്നു: “എന്നെക്കാൾ അധികം പ്രായമുള്ളവരെ സുഹൃത്തുക്കളാക്കുന്നതിൻറെ മൂല്യം ഞാൻ ഈയിടെയാണ് മനസ്സിലാക്കിയത്. എന്നെക്കാൾ ദശകങ്ങൾ പ്രായമുള്ള ഉറ്റസുഹൃത്തുക്കൾ എനിക്കുണ്ട്. കാര്യങ്ങളെക്കുറിച്ചുള്ള പക്വതയാർന്നതും ദൃഢതയാർന്നതും ആയ കാഴ്ചപ്പാട് അവർക്കുള്ളത് ഞാൻ അതിയായി വിലമതിക്കുന്നു.

# എള്ളിലുണ്ട് ആരോഗ്യഗുണങ്ങൾ



ആഹാരത്തിലും ആരോഗ്യസംരക്ഷണത്തിലും എള്ളിന് വളരെ പ്രാധാന്യമുണ്ട്. വിളർച്ച തടയാനും പ്രതിരോധശേഷി കൂട്ടാനും എല്ലുകൾക്ക് ബലം നൽകാനുമെല്ലാം എള്ള് സഹായിക്കുന്നുണ്ട്. ആയുർവേദത്തിൽ എള്ളിന് വളരെ പ്രധാനപ്പെട്ട സ്ഥാനമുണ്ട്.

എള്ളിൽനിന്നെടുക്കുന്ന എണ്ണയാണ് എള്ളെണ്ണ അഥവാ നല്ലെണ്ണ. ഇളംമഞ്ഞ അഥവാ സ്വർണനിറത്തിലുള്ള സവിശേഷ ഗന്ധകാരിയായ എള്ളെണ്ണയെ ആയുർവേദത്തിൽ ഏറ്റവും ഉത്തമമായ എണ്ണയായിട്ടാണ് പറഞ്ഞിരിക്കുന്നത്.

ഭാവ പ്രകാശം, രാജനിഘണ്ടു സരസ്വതിനിഘണ്ടു ചരകസംഹിത, സുശ്രുതസംഹിത, അഷ്ടാംഗ ഹൃദയം, ധന്വന്തരിനിഘണ്ടു, അഷ്ടാംഗസംഗ്രഹം തുടങ്ങി വിവിധ ഗ്രന്ഥങ്ങളിൽ എള്ളിന്റെ ഗുണങ്ങളെക്കുറിച്ചും എള്ള് സംസ്കരിച്ചുള്ള വിവിധ രീതികളിലുള്ള പ്രയോഗങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്.

'സെസാമം ഇൻഡിക്ക' എന്നാണ് എള്ളിന്റെ ശാസ്ത്രനാമം. 'പെഡാലിയേസിയെ' സസ്യ കുടുംബത്തിലാണ് എള്ളുൾപ്പെടുന്നത്. സംസ്കൃതത്തിൽ തില, സ്നേഹഫല, പവിത്രം എന്നിങ്ങനെ പേരുകളുണ്ട്. ആയുർവേദഗ്രന്ഥങ്ങളിൽ 'തില' എന്ന പേരാണ് കൂടുതലായും ഉപയോഗിച്ചുവരുന്നത്.

കാർബോഹൈഡ്രേറ്റ്, പ്രോട്ടീൻ, കൊഴുപ്പ്, സിങ്ക്, മാംഗനീസ്, ചെമ്പ്, കാൽസ്യം, ഫോസ്ഫറസ്, ഇരുമ്പ്, വിറ്റമിനുകൾ തുടങ്ങി വളരെയധികം പോഷക ഘടകങ്ങൾ എള്ളിലുണ്ട്. എള്ളെണ്ണയിൽ ലിനോലെയിക് ആസിഡ്, ഒലിയിക് ആസിഡ്, സ്റ്റിയറിക് ആസിഡ് തുടങ്ങിയവയും അടങ്ങിയിരിക്കുന്നു. എള്ളുമണികളിൽ ഏകദേശം അൻപതുശതമാനത്തോളം എണ്ണയടങ്ങിയിട്ടുണ്ട്.

എള്ള് ചുക്കുണ്ട
ചേരുവകൾ: ചുക്കുപൊടി- 50 ഗ്രാം. ശർക്കര - 100 ഗ്രാം, എള്ള്- 200 ഗ്രാം (കഴുകി ഉണക്കി വറുത്ത് മിക്സിയിൽ ചതച്ചതത്)
തയ്യാറാക്കുന്ന വിധം
ശർക്കര പാത്രത്തിലിട്ട് ചൂടാക്കി പാനിയാക്കുക. ചെറുതീയിൽ ചൂടാക്കിക്കൊണ്ടിരിക്കുക. അതിലേക്ക് ചുക്കുപൊടി ചേർത്ത് ഇളക്കിക്കൊണ്ടിരിക്കുക. അതിനുശേഷം ചതച്ച എള്ളുകൂടി ചേർത്ത് ഇളക്കി ഇറക്കുക. ചൂടാറുന്നതിനു മുൻപ് ഉരുളകളാക്കുക. ഇത് ഒരു പാത്രത്തിൽ അടച്ചുവെച്ച് ദിവസവും കഴിക്കാവുന്നതാണ്.

ഇത് നല്ലൊരു ഔഷധവും ആഹാരവുമാണ്. ചുമ, ശ്വാസകോശസംബന്ധമായ മറ്റ് രോഗങ്ങൾ എന്നിവയെല്ലാം ഔഷധമായി ഉപയോഗിക്കാം. പ്രതിരോധശക്തിക്കും ഇത് കഴിക്കുന്നത് നല്ലതാണ്. ആർത്തവസംബന്ധമായ പ്രശ്നങ്ങൾ തടയാനും ദിവസവും കഴിക്കാം. ലഘുഭക്ഷണമായും കഴിക്കാവുന്നതാണ്.

റാഗി എള്ളുണ്ട
ചേരുവകൾ: എള്ള് വറുത്തുപൊടിച്ചത്-രണ്ടുകപ്പ്, റാഗി വറുത്തുപൊടിച്ചത്- രണ്ടു കപ്പ്, വറുത്തുപൊടിച്ച കപ്പലണ്ടി- മുക്കാൽ കപ്പ്, അണ്ടിപ്പരിപ്പ് പൊടിയാക്കിയത്-മുക്കാൽ കപ്പ്, നാളികേരം- ഒരെണ്ണം ചിരവിയത്, നെയ്യ്- രണ്ട് ടീസ്പൂൺ, ശർക്കരപ്പാനി- 750 മില്ലി, ഏലയ്ക്കപ്പൊടി- ഒരു ടീസ്പൂൺ, ചുക്കുപൊടി- ഒരു ടീസ്പൂൺ, ജീരകപ്പൊടി- ഒരു ടീസ്പൂൺ.

തയ്യാറാക്കുന്ന വിധം
ഒരു പാനിൽ ഒരു ടീസ്പൂൺ നെയ്യൊഴിച്ച് ചൂടാക്കുക. ചിരകിവെച്ചിട്ടുള്ള നാളികേരം അതിലേക്കുചേർത്ത് ഇളക്കുക. സ്വർണനിറമാകുമ്പോൾ ശർക്കരപ്പാനി അതിലേക്കൊഴിച്ച് ചെറുതീയിൽ ഇളക്കിക്കൊണ്ടിരിക്കുക. തുടർന്ന് കപ്പലണ്ടി പൊടിച്ചതും അണ്ടിപ്പരിപ്പ് പൊടിച്ചതും അതിലേക്ക് ചേർക്കുക.

നൂൽപാകമാകുമ്പോൾ ഏലയ്ക്കപ്പൊടി, ചുക്കുപൊടി, ജീരകപ്പൊടി എന്നിവ ചേർക്കുക. അതിനുശേഷം ഇറക്കി നെയ്യ് പുരട്ടിയ ഒരു പരന്നപാത്രത്തിൽ പരത്തി വയ്ക്കുക. ചൂടാറുന്നതിനുമുൻപുതന്നെ കൈയിൽ നെയ്യ് പുരട്ടിയശേഷം ഉരുട്ടിയെടുക്കുക.

ഇത് കുപ്പിയിലാക്കി വെച്ച് ദിവസവും കഴിക്കാവുന്നതാണ്. ഇത് കഴിക്കുന്നത് കുട്ടികളുടെയും മുതിർന്നവരുടെയും ആരോഗ്യസംരക്ഷണത്തിന് വളരെ ഫലപ്രദമാണ്. നിയന്ത്രിത അളവിൽ പ്രമേഹരോഗികൾക്കും കഴിക്കാം.

എള്ള് മിഠായി
ചേരുവകൾ: വെളുത്ത എള്ള്- ഒരു കിലോഗ്രാം, കൽക്കണ്ടം- ഒന്നര കിലോഗ്രാം, വെള്ളം- ആവശ്യത്തിന്, നെയ്യ്-ആവശ്യത്തിന്.

തയ്യാറാക്കുന്ന വിധം
എള്ള് കഴുകി ഉണക്കി വറുത്തുവയ്ക്കുക. കൽക്കണ്ടവും വെള്ളവും ഒരു പാത്രത്തിൽ ഒഴിച്ച് ചൂടാക്കി പാനിയാക്കുക. ചെറുതിയിൽ ചൂടാക്കിക്കൊണ്ടിരിക്കണം. നൂൽപാകമാകുമ്പോൾ അതിലേക്ക് എള്ളു ചേർത്ത് ഇളക്കുക. അതിനുശേഷം ഇറക്കി നെയ്യുപുരട്ടിയ പരന്ന പാത്രത്തിൽ പരത്തിവയ്ക്കുക. ചൂടാറുന്നതിന് മുൻപുതന്നെ ചതുരാകൃതിയിലോ വൃത്താകൃതിയിലോ അല്ലെങ്കിൽ നമുക്ക് ഇഷ്ടമുള്ള രൂപത്തിലോ മുറിച്ചെടുത്ത് പാത്രത്തിലാക്കിവെച്ച് കഴിക്കാം.

എള്ളുകൊണ്ട് ചില ഔഷധപ്രയോഗങ്ങൾ
എള്ള് ദിവസവും കുതിർത്തുകഴിക്കുന്നതുകൊണ്ട് ഗുണങ്ങളുണ്ട്. എല്ലുതേയ്മാനം പോലുള്ള രോഗങ്ങൾ തടയാൻ സഹായിക്കും. ആർത്തവവിരാമത്തിനുശേഷമുള്ള എല്ലുതേയ്മാനം ഒഴിവാക്കുന്നതിനും എള്ള് കഴിക്കുന്നത് നല്ലതാണ്.

പല്ലുകളുടെ സംരക്ഷണത്തിലും ദിവസവും എള്ള് കഴിക്കുന്നത് ഗുണകരമാണ്. വിളർച്ചരോഗം തടയുന്നതിനും എള്ള് കുതിർത്തുകഴിക്കാം. കറുത്ത എള്ള് കുതിർത്തുകഴിക്കുന്നത് തലമുടിയുടെ ആരോഗ്യത്തിനും നല്ലതാണ്.

എള്ളിലടങ്ങിയിരിക്കുന്നതും പോഷകഘടകങ്ങൾ ആഗിരണംചെയ്യുന്നത് തടസ്സപ്പെടുത്തുന്നതുമായ ഫൈറ്റിക് ആസിഡിനെ മാറ്റുന്നതിനുവേണ്ടിയാണ് എള്ള് കുതിർത്തു കഴിക്കുന്നത്.

മലബന്ധം മാറുന്നതിനായി എള്ള് പാൽക്കഷായം വെച്ച് കുടിക്കാം. ആർത്തവക്രമക്കേടുകൾ മാറുന്നതിനായി എള്ള് കഷായം വെച്ച് കുടിക്കാം.

# ജയിലർ 2 രാവിലെ മുതൽ



**രജനികാന്ത് നായകനായി നെൽസൺ സംവിധാനം ചെയ്യുന്ന ജയിലർ 2 കേരള ബുക്കിംഗ് ഒക്ടോബർ 11 ന് രാവിലെ 10ന് ആരംഭിക്കും രാവിലെ 6നോണ് ആദ്യ പ്രദർശനം.യു/എ സർട്ടിഫിക്കറ്റ് ലഭിച്ച ചിത്രത്തിന് 2 മണിക്കൂർ 45 മിനിറ്റാണ് ദൈർഘ്യം.**

രജനികാന്ത് നായകനായി നെൽസൺ സംവിധാനം ചെയ്യുന്ന ജയിലർ 2 കേരള ബുക്കിംഗ് ഒക്ടോബർ 11 ന് രാവിലെ 10ന് ആരംഭിക്കും
രാവിലെ 6നോണ് ആദ്യ പ്രദർശനം.യു/എ സർട്ടിഫിക്കറ്റ് ലഭിച്ച ചിത്രത്തിന് 2 മണിക്കൂർ 45 മിനിറ്റാണ് ദൈർഘ്യം.
ബോക്സ് ഓഫീസിൽ വൻചലനം സൃഷ്ടിക്കും എന്ന് കരുതുന്ന ജയിലർ 2 കേരളത്തിലും കർണാടകത്തിലും എത്തിക്കുന്നത് ശ്രീ ഗോകുലം മൂവീസാണ്. ഡ്രീം ബിഗ് ഫിലിംസ് ആണ് ഡിസ്ട്രിബ്യൂഷൻ പാർട്ട്ണർ.മോഹൻലാൽ, ഹൃത്വിക് റോഷൻ, ശിവരാജ് കുമാർ, മിഥുൻ ചക്രവർത്തി, വിദ്യബാലൻ, എസ്.ജെ. സൂര്യ ഉൾപ്പെടെ വൻ താരനിരയുണ്ട്.
സൺ പിക്ചേഴ്സിന്റെ ബാനറിൽ കലാനിധിമാരൻ ആണ് നിർമ്മാണം. സംഗീതം അനിരുദ്ധ് രവിചന്ദർ, പി.ആർ.ഒ. ശബരി

Publish and owned by BAISHI on behalf of Devi Media Entertainment Ho.Hotel Mid Town,G.T.Road,Panipat,Haryana,New Delhi-132103,India Registered under Udayam Micro Services, Government of India (UDAYAM -KL12000011060 ) Phone 9544444009.